കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിലെ അംഗങ്ങൾ

57 [519] *ശ്രീ. എൻ. രാജൻ:* താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ എത്ര പേർ അംഗങ്ങളായിട്ടുണ്ട്; ഇവരുടെ ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ?

ഉത്തരം

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ 16,44,907 (പതിനാറ് ലക്ഷത്തി നാൽപ്പത്തിനാലായിരത്തി തൊള്ളായിരത്തി ഏഴ്) പേർ സജീവ അംഗങ്ങളായിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം	..	1,24,473
കൊല്ലം	..	97,441
പത്തനംതിട്ട	..	70,646
ആലപ്പുഴ	..	1,09,665
കോട്ടയം	..	1,02,004
ഇടുക്കി	..	74,029
എറണാകുളം	..	1,28,815
തൃശ്ശൂർ	..	1,52,261
പാലക്കാട്	..	2,12,760
മലപ്പുറം	..	1,44,916
കോഴിക്കോട്	..	1,47,526
വയനാട്	..	1,09,532
കണ്ണൂർ	..	1,18,320
കാസർഗോഡ്	..	52,519

തീർപ്പുകൽപ്പിക്കുവാനുള്ള അപേക്ഷകൾ

58 [520] *ശ്രീ. എൻ. രാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ വിവിധ ആനുകൂല്യങ്ങൾക്കായി ലഭിച്ച എത്ര അപേക്ഷകൾ തീർപ്പുകൽപ്പിക്കുവാനുണ്ടെന്ന് വ്യക്തമാക്കാമോ;

LIBRARY: ARCHIVES Kerala Legislative Assembly